സുപ്രഭാതം

**6 May 2017**




*മത്സ്യത്തൊഴിലാളി ദമ്പതികളെ സി.എം.എഫ്.ആർ.ഐയിൽ നടന്ന ആദരിക്കൽ ചടങ്ങിൽ കേന്ദ്ര മന്ത്രി സുദർശൻ ഭഗത് മീൻകുഞ്ഞുങ്ങളെ നൽകുന്നു*

# മത്സ്യത്തൊഴിലാളി ദമ്പതികളെ ആദരിച്ചു

കൊച്ചി: വിവാഹ വാർഷിക ദിനത്തിൽ മത്സ്യത്തൊഴിലാളി ദമ്പതികളെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) ആദരിച്ചു. തൃശൂർ ജില്ലയിലെ കുണ്ടഴിയൂർ സ്വദേശികളായ കെ.വി കാർത്തികേയനെയും ഭാര്യ കെ.സി രേഖയെയുമാണ് കേന്ദ്ര കൃഷി സഹമന്ത്രി സുദർശൻ ഭഗത് ആദരിച്ചത്.

മത്സ്യമേഖലയിൽ ജി.ഐ.എസ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തണമെന്ന് മന്ത്രി പറഞ്ഞു. മീൻപിടുത്ത ചെലവ് ഗണ്യമായി കുറയ്ക്കാൻ ഈ സാങ്കേതിക വിദ്യ കൊണ്ട് സാധിക്കും. മത്സ്യങ്ങൾ ധാരാളമായുള്ള സ്ഥലങ്ങൾ അടയാളപ്പെടുത്താനും മത്സ്യത്തൊഴിലാളികൾക്ക് കൈമാറാനും ജി.ഐ.എസ് സാങ്കേതികവിദ്യ കൊണ്ട് സാധിക്കുമെന്ന് മന്ത്രി പറഞ്ഞു. കാലാവസ്ഥാ വ്യതിയാനം മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. ഇക്കാര്യം പഠനവിധേയമാക്കി ബദൽമാർഗങ്ങൾ സ്വീകരിക്കാൻ ശാസ്ത്ര സമൂഹം രംഗത്തുവരണം. സമുദ്ര കൂടുകൃഷി മാതൃക മത്സ്യോൽപാദനം വർധിപ്പിക്കാൻ ഇന്ത്യയെ സഹായിക്കും.

കൂടുമത്സ്യ കൃഷി കൂടുതൽ ജനകീയമാക്കാൻ വാണിജ്യപ്രധാനമായ മത്സ്യങ്ങളുടെ വിത്തുൽപാദന സാങ്കേതിക വിദ്യ ഇനിയും വികസിപ്പിക്കേണ്ടതുണ്ട്. മന്ത്രി പറഞ്ഞു. കടലിൽ ഒരുമിച്ച് മത്സ്യബന്ധനം നടത്തുന്ന ദമ്പതികൾക്ക് കൂടുമത്സ്യകൃഷി നടത്തുന്നതിന് കാളാഞ്ചി മീൻ കുഞ്ഞുങ്ങളെ കൈമാറി. സി.എം.എഫ്.ആർ.ഐയുടെ സഹായത്തിലാണ് കാർത്തികേയനും രേഖയും കടലിൽ കൂടുകൃഷി തുടങ്ങുന്നത്.

കായൽ മത്സ്യബന്ധനത്തിൽ സ്ത്രീകളുടെ സാന്നിധ്യമുണ്ടെങ്കിലും കടലിൽ സ്ത്രീകൾ പോകുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. പല എതിർപ്പുകളും മറികടന്ന് മത്സ്യബന്ധന രീതി തിരഞ്ഞെടുത്തതിനുള്ള അംഗീകാരമായാണ് ദമ്പതികളെ ആദരിച്ചത്.